പ്രതികരണം

ഫൗസിയ ഷംസ്

# പർദ കണ്ട് ഞെട്ടുന്നവർ

**സ്ത്രീശക്തീകരണത്തെക്കുറിച്ച്** ഏതാനും പ്രമുഖരെ ഉൾപ്പെടുത്തി *പ്രബോധനം* സംഘടിപ്പിച്ച സംവാദത്തിൽ (2010 ജനുവരി 16), കേരളീയ സ്ത്രൈണ സാംസ്കാരിക സാമൂഹികതക്ക് ശാക്തീകരണത്തിന്റെ മർമം തൊടാൻ തടസ്സമായി ഒരു 'ബുർഖ' മുസ്‌ലിം പെണ്ണിന്റെ മേലുണ്ട്, അതഴിച്ചുമാറ്റാതെ ഒരടി മുന്നോട്ടു പോകാൻ അവൾക്കാവില്ല എന്ന് ചിലർ വിലപിച്ചു കണ്ടു.

സാത്താന്റെയും തിന്മയുടെയും അടയാളമായ കറുപ്പിനെയാണ് മുസ്‌ലിം സ്ത്രീ എടുത്തണിയുന്നത്, കന്യാസ്ത്രീയുടെ വേഷം പോലെ പവിത്രമല്ല മുസ്‌ലിം സ്ത്രീയുടെ പർദ, അത് ധരിക്കുന്നവരുടെ ഇടയിൽ പോയാൽ അസ്വസ്ഥത അനുഭവപ്പെടുന്നു എന്നിങ്ങനെ പോകുന്നു ആരോപണങ്ങൾ. കേരളീയ പൊതുബോധത്തിൽ അടിയുറച്ചുപോയ ചില ധാരണകളുടെ വിധിയെഴുത്താണിത്. ഈ ഏറ്റുപറച്ചിലുകൾ ആണ്ടുറഞ്ഞുപോയ ഫാഷിസ്റ്റ് ചിന്താഗതിയാണ്. മതേതരത്വം, നാനാത്വത്തിൽ ഏകത്വം, ചിന്താ സ്വാതന്ത്ര്യം, വിശ്വാസ സ്വാതന്ത്ര്യം തുടങ്ങി നാം പുലർത്തിപ്പോന്ന മൂല്യങ്ങൾക്ക് പുതിയ വ്യാകരണം കണ്ടെത്താനുള്ള ശ്രമത്തിലാണ് സ്ത്രീസമത്വവാദത്തിന്റെ പുതിയ അവതാരങ്ങൾ.

അധഃസ്ഥിതിയുടെയും പാർശ്വവത്കരണത്തിന്റെയും അപരവത്കരണത്തിന്റെയും ആവരണമായി പർദയെ വിശേഷിപ്പിക്കുമ്പോൾ തന്നെ, അത് അണിയുന്നവരെ തരംതിരിച്ച് ഒറ്റപ്പെടുത്തുന്ന/ സംരക്ഷിക്കുന്ന സാംസ്കാരിക കാപട്യവും നമ്മുടെ പൊതുസമൂഹം പ്രദർശിപ്പിക്കുന്നുണ്ട്. അതുകൊ

ണ്ടാണ് കന്യാസ്ത്രീയുടെ 'പർദ' വിശുദ്ധ മാതാവിന്റെ മേലുള്ള വിശ്വാസ സമർപ്പണത്തിന്റെ, കാരുണ്യത്തിന്റെ, സഹനത്തിന്റെ, ആഭിജാത്യത്തിന്റെ, കുലീനതയുടെ അടയാളമായത്. അത് മുസ്‌ലിം സ്ത്രീയുടേതാകുമ്പോൾ തീവ്രതയുടെ, പൈശാചികതയുടെ, പേടിപ്പെടുത്തലിന്റെ, നീതിബോധമില്ലാത്ത പുരുഷാധിപത്യത്തിന്റെ അടയാളമായിത്തീരുന്നു. സ്വയം അടയാളപ്പെടുത്താനും, വിവേചനാധികാരവും നിർണയാവകാശവും സ്വയം തീരുമാനിക്കാനുമുള്ള പൊതുഇടം കന്യാസ്ത്രീയെ പോലെ എന്തുകൊണ്ടാണ് മുസ്‌ലിം പെണ്ണിന് വകവെച്ചുകിട്ടാത്തത്?

ഇതിനു പിന്നിൽ, സ്ത്രീസ്വാതന്ത്ര്യവാദത്തിന്റെ മറവിലെ മുതലാളിത്ത രാഷ്ട്രീയ കരുനീക്കങ്ങളാണ്. അത് ഇന്ത്യയിൽ ഒതുങ്ങുന്ന പ്രതിഭാസവുമല്ല. സ്വാതന്ത്ര്യം-സമത്വം-സാഹോദര്യം എന്ന മുദ്രാവാക്യമുയർത്തി വിപ്ലവം നയിച്ച ഫ്രാൻസ് ഇന്ന് ഏറെ പേടിക്കുന്നത് പെണ്ണിന്റെ തലയിലെ ഒരു കഷ്ണം തുണിയെയാണ്. അമേരിക്കൻ പ്രസിഡന്റിന്റെ പ്രസംഗത്തിൽ ഹിജാബിനെ സ്പർശിക്കേണ്ടിവരുന്നതും അതുകൊണ്ടാണ്.

ഇന്ത്യൻ ജനാധിപത്യത്തിന്റെ കാമ്പും കാതലും മതേതരത്വത്തിലാണ് നിലനിൽക്കുന്നത്. മതം, ഭാഷ, വേഷം, ആചാരം, ജീവിതരീതി എന്നിവ തെരഞ്ഞെടുക്കാനുള്ള പൗരന്റെ അവകാശമാണ് ഭരണഘടനാ ശിൽപികൾ മാനിച്ചത്. കന്യാകുമാരി മുതൽ കശ്മീർ താഴ്‌വര വരെ വിഭിന്ന വിശ്വാസ സംഹിതകളും ആചാരരീതികളും അനുവർത്തിച്ച് സാഹോദര്യത്തിൽ വർത്തിക്കുമ്പോഴാണ് നാനാത്വത്തിൽ ഏകത്വമെന്ന മാനവിക ഇന്ത്യ യാഥാർഥ്യമാവുക. വൈജാത്യങ്ങളിലാണ് ഇന്ത്യയുടെ ആത്മാവ്. പിന്നെന്തുകൊണ്ടാണ് കേരളീയ മുസ്‌ലിം സ്ത്രീ പർദ ധരിച്ചാൽ ചിന്താസ്വാതന്ത്ര്യമുള്ളവർക്ക് ഉറക്കം കിട്ടാത്തത്? കാവിയുടുത്ത് പൂണൂലിട്ട ബ്രാഹ്മണനും സാരിയുടുത്ത കേരളീയനും ചുരിദാറും ദുപ്പട്ടയും ഇട്ട കശ്മീരിയും ധാവണിയുടുത്ത തമിഴത്തിയും. അതാണ് മതേതര ഇന്ത്യ. പീത വർണമണിഞ്ഞ് അഭയാർഥിയായി എത്തുന്ന ബുദ്ധമതാനുയായിയുടെയും വസ്ത്രം അഴിച്ചുവെപ്പിച്ചല്ല നാമയാളെ സ്വീകരിക്കുന്നത്.

പർദാധാരിണികൾക്കിടയിൽ വന്നാൽ അസ്വസ്ഥത ഉണ്ടാകുന്നുവെന്നും ശരീരം മൂടിവെക്കുന്ന സ്ത്രീ ഇതര മതസ്ഥർക്കിടയിൽ മോശമായ ധാരണകൾ ഉണ്ടാക്കുന്നുവെന്നുമാണ് വാദം. പുതിയൊരു അജണ്ട കൊണ്ടുവന്ന് മതവിശ്വാസികൾക്കിടയിൽ സ്പർധ വളർത്തുകയാണോ ഇതിന്റെ ലക്ഷ്യം? പർദയണിഞ്ഞ മുസ്‌ലിം സ്ത്രീയും കുങ്കുമം ചാർത്തിയ ഹൈന്ദവ സ്ത്രീയും കാത്തുസൂക്ഷിക്കുന്ന അയൽപക്ക സുഹൃദ്ബന്ധങ്ങൾ, അവരൊന്നിച്ച് നടത്തുന്ന ഷോപ്പിംഗ്, ഉല്ലാസ യാത്രകൾ തുടങ്ങിയ കേരളീയ ജീവിതത്തിന്റെ നിത്യ കാഴ്ചകളാണോ അവരെ അസ്വസ്ഥപ്പെടുത്തുന്നത്? എങ്കിൽ ഭിന്നിപ്പിന്റെ തന്ത്രം പയറ്റുന്ന കൊളോണിയൽ ആത്മാവ് അവരെ വിട്ടൊഴിഞ്ഞിട്ടില്ലെന്ന് ഉറപ്പിക്കാം. പർദയിൽ തീവ്രതയുടെയും പരമത നിന്ദയുടെയും ലേബൽ ചാർത്തുന്നവർ, പർദാ സ്വാധീനം കൂടുതലുള്ള കേരളത്തിലാണ് ഏറ്റവും കൂടുതൽ മതസൗഹാർദം ഉള്ളത് എന്ന് വിസ്മരിക്കുന്നു. മതചിഹ്നങ്ങൾ അണിഞ്ഞുകൊണ്ടു തന്നെയാണ് എല്ലാവരും സാമൂഹിക ജീവിതത്തിൽ ഇടപെടുന്നത് എന്നത് ഇക്കൂട്ടർ ബോധപൂർവം മറച്ചുവെക്കുന്നു. കുട്ടിക്കാലത്ത് പർദ ധരിച്ച സ്ത്രീകളെ കണ്ട് പേടിച്ചിട്ടില്ല, ഇപ്പോൾ കാണുമ്പോൾ പേടിയാവുന്നു എന്ന് പറയുന്നവരെ ഓർമിപ്പിക്കേണ്ടിവരുന്ന കാര്യങ്ങൾ ഏറെയുണ്ട്. സാമൂഹിക പരിഷ്കരണത്തിന്റെ തേര് തെളിച്ചവരും അതിനവർക്ക് പിൻബലമേകിയ പ്രത്യയശാസ്ത്രവും എന്തേ ഇന്നലെകളിലെ

മുസ്‌ലിം പെണ്ണിനെ കണ്ടില്ല? പൊതു ഇടങ്ങളിൽ അസ്തിത്വം തെളിയിക്കാനാവാതെ അവൾ മാറിനിന്നപ്പോൾ, അക്ഷരങ്ങളും സാമൂഹിക സൂത്രവാക്യങ്ങളും അറിയാതെ അടുക്കളയിൽ കരിപിടിച്ച് നിന്ന മുസ്‌ലിം പെണ്ണിന്റെ ഭൂതകാലത്തേക്ക് ഇറങ്ങിച്ചെന്ന് കൈപിടിച്ചുയർത്താൻ നിങ്ങളാരും എന്തേ ചെന്നില്ല? ഗർഭം ധരിക്കലും പ്രസവിക്കലും കിടപ്പറ അണിയിച്ചൊരുക്കലും സൽക്കാരം നടത്തലും മാത്രമല്ല മുസ്‌ലിം പെണ്ണിന്റെ ജോലിയെന്നും, സാമൂഹിക വികാസം ഉണ്ടാവണമെങ്കിൽ അതിലെ പാതിയായ പെണ്ണിന്റെ പങ്കാളിത്തം അനിവാര്യമാണെന്നും മനസ്സിലാക്കിയ ഉൽപതിഷ്ണുക്കൾ, പള്ളിയിലും പള്ളിക്കൂടത്തിലും പടർക്കളത്തിലും പാർലമെന്റിലും അവകാശം സ്ഥാപിച്ചവരുടെ പിൻമുറക്കാരിയാണ് നീയെന്ന് തെര്യപ്പെടുത്തിയപ്പോൾ അവൾ ഉണർന്നു. അപ്പോഴാണവൾ മാതൃത്വത്തെ കൂട്ടുപിടിച്ച്, കുടുംബത്തെ കൂടെ നിർത്തി സാമൂഹിക വ്യവഹാരങ്ങളിൽ ഏർപ്പെടാൻ തുടങ്ങിയത്. വ്യക്തമായ ആൺ-പെൺ കൂടിച്ചേരലുകൾ അനിയന്ത്രിതമാകുമ്പോൾ സദാചാരത്തിന്റെ സീമകൾ പൊട്ടാൻ സാധ്യതയുണ്ട്. അതുകൊണ്ടാണ് ഇസ്‌ലാം സ്ത്രീക്കും പുരുഷനും സദാചാരത്തിന്റെ സീമകൾ തീർക്കുകയും എല്ലാ ദുർനടപ്പിന്റെയും ആദ്യപടിയായ ശരീരസൗന്ദര്യ പ്രദർശനത്തെ വിലക്കുകയും ചെയ്തത്.

നഗ്നത വെളിവാകുന്നതും നേർത്തതും ഇറുകിയതും പരസ്പരം ലൈംഗികാകർഷണം തോന്നിക്കുന്നതും പരസ്പര സാമ്യമുള്ളതുമായ വസ്ത്രം ഇസ്‌ലാം അനുവദിച്ചില്ല. സ്ത്രീ മുഖവും മുൻകൈയും ഒഴിച്ചുള്ള ശരീര ഭാഗങ്ങൾ മറയുന്ന വസ്ത്രം ധരിക്കണമെന്നും നിബന്ധന വെച്ചു. അതിനെ ഖുർആൻ വിശേഷിപ്പിച്ചത് ഹിജാബ് എന്നാണ്. പർദ, ബുർഖ എന്നിവ ഖുർആനിക സംജ്ഞകളേ അല്ല.

ഹിജാബിന്റെ ധർമം നിറവേറ്റുന്നതാവണം വസ്ത്രം; അത് കാലത്തിനും ദേശത്തിനും സൗകര്യത്തിനും അനുസരിച്ച് ഏതുമാകാം. ചുരിദാറോ സാരിയോ എന്തും. പ്രത്യേക രീതിയിൽ തയ്പിച്ച, പ്രത്യേക നിറം കൊടുത്ത വസ്ത്രം എന്ന് ഖുർആനിക അധ്യാപനങ്ങളിൽ എവിടെയും ഇല്ല. ഹിജാബിന്റെ ധർമം നിറവേറ്റുന്നു എന്നതുകൊണ്ടായിരിക്കാം വിപണിയിൽ ലഭ്യമായ പർദ എന്ന് പേരിട്ട വസ്ത്രത്തെ മുസ്‌ലിം സ്ത്രീ രക്ഷാകവചമായി എടുത്തണിഞ്ഞത്.

ഇന്നലവരെ പുറത്തിരുത്തിയ വിദ്യാലയങ്ങളിലും ആരാധനാലയങ്ങളിലും പർദ നൽകുന്ന സുരക്ഷിതത്വത്തിൽ ധൈര്യത്തോടെ അവൾ കയറുന്നു. പർദാ ധാരിണിയായ ഡോക്ടറും എഞ്ചിനീയറും ഐ.ടി പ്രഫഷനലുകളും അനവധി. ആ വേഷത്തിൽ തന്നെ ഷോപ്പിംഗും ഡ്രൈവിംഗും ടൂറും അവൾ നടത്തുന്നു. ഉദ്യോഗസ്ഥ ജോലിയും ഗൃഹഭരണവും നടത്തുന്നു. സാമ്പത്തിക ബാധ്യതകളും ഭാരങ്ങളും മടിയില്ലാതെ ഏറ്റെടുക്കുന്നു. ഇതിനൊന്നും പർദ തടസ്സമാകുന്നില്ല. ഇന്നലകളിൽ അതൊന്നുമല്ലാതിരുന്നവൾ, കാച്ചിത്തുണിയണിഞ്ഞും മുറുക്കിച്ചുവപ്പിച്ചും ഉമ്മറപ്പടിയിൽ മാത്രം കണ്ണ് നട്ടിരുന്നപ്പോൾ ഇല്ലാത്ത ദീനവിലാപം എന്തേ ഇപ്പോൾ?

വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ബോധ്യമാകുന്ന ഒരു വസ്തുതയുണ്ട്. ഏത് സമുദായക്കാരേക്കാളും അനുകരണഭ്രമം മുസ്‌ലിംകളിലാണ് കൂടുതൽ. വസ്ത്രത്തിൽ മാത്രമല്ല, ഭക്ഷണത്തിലും പാർപ്പിടത്തിലും ജീവിതരീതിയിലും ഒക്കെ അത് കാണാം. ജീവിതത്തിന്റെ പച്ചപ്പ് തേടിപ്പോയ നാടുകളിൽനിന്ന് ഡോളറും ദീനാറും ദിർഹമും മാത്രമല്ല, അവരുടെ സംസ്കാരങ്ങൾ മൊത്തം ജീവിതത്തിലേക്ക് സന്നിവേഷിപ്പിക്കാൻ ശ്രമിച്ചവനാണ് മുസ്‌ലിം. അതുകൊണ്ടുതന്നെയാണ് കാച്ചിത്തുണിയും തട്ടവും സാരിയും ബ്ലൗസും പരീക്ഷിച്ചതിനു ശേഷം കൂടുതൽ സുഖകരമായ അറേ

ബ്യൻ അബായകളിൽ സായൂജ്യം കണ്ടത്. ഇടുങ്ങിയ സാമ്പ്രദായിക രീതികളെ വിട്ട് ലോകത്തിന്റെ സംസ്കാരങ്ങളെ സന്നിവേശിപ്പിക്കാൻ ശ്രമിക്കുന്ന മുസ്‌ലിം പെണ്ണിനെ എന്തിനാണ് ക്രൂശിക്കുന്നത്?

താടിയും തലപ്പാവും സുർജിതിന്റേതും കാൾമാർക്സിന്റേതുമാകുമ്പോൾ ധൈഷണികതയുടെയും വിപ്ലവത്തിന്റെയും അടയാളമാകുന്നതും, മുസ്‌ലിമിന്റേതാകുമ്പോൾ തീവ്രതയുടെ പ്രതീകമാകുന്നതും, സൂഫിയാ മഅ്ദനിയുടെ പർദ കുറ്റവാസനയെ ഒളിപ്പിക്കുന്നതും സിസ്റ്റർ സോഫിയയുടെ പർദ മനുഷ്യമക്കളുടെ പാപങ്ങളെ ഏറ്റുവാങ്ങുന്നതും പ്രജ്ഞാസിംഗിന്റെ പൗരോഹിത്യ വേഷം ശ്രദ്ധിക്കപ്പെടാതെ പോകുന്നതും എന്തുകൊണ്ട് എന്നാലോചിക്കണം. ഇതൊക്കെ കൊളോണിയൽ ദാസ്യത്തിന്റെ ഉൽപന്നമാണെന്ന് മുസ്‌ലിം സമൂഹം തിരിച്ചറിഞ്ഞിട്ടുണ്ട്.

യഥാർഥത്തിൽ പർദയെ വേർതിരിച്ച് കാണേണ്ടിവരുന്നത് മുസ്‌ലിം പെണ്ണിന്റെ പർദ നിലവിലെ സാമൂഹിക വ്യവസ്ഥിതിക്കെതിരെയുള്ള, അരാജകത്വത്തിനെതിരെയുള്ള രാഷ്ട്രീയ മുന്നേറ്റത്തിന്റെ അടയാളമാണെന്ന് തിരിച്ചറിയുന്നതുകൊണ്ടാണ്. മുതലാളിത്തത്തിന്റെ സമ്മർദങ്ങൾക്ക് വഴങ്ങി തങ്ങൾ ഇട്ടേച്ചുപോയ ഇടം പൂരിപ്പിക്കാൻ വന്നവരാണ് പർദാധാരിണികൾ എന്ന ഭയമായിരിക്കാം പർദ കാണുമ്പോൾ ഉറക്കം നഷ്ടപ്പെടുന്നതിന് കാരണം. ■